LIBRARY ARCHIVES Kerala Legislative Assembly

വിളകൾക്ക് തറവില

53 (2772) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മരച്ചീനിയും വാഴയും കൈതച്ചക്കയും കൃഷി ചെയ്യുന്ന കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് തറവിലപോലും ലഭ്യമാകാത്ത അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

16 ഇനം പച്ചക്കറികൾക്ക് അടിസ്ഥാന വില നൽകുന്ന പദ്ധതി പ്രകാരം AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത അർഹരായ കർഷകർക്ക് അടിസ്ഥാന വില ലഭ്യമാക്കുന്നതിന് ഈ വർഷം 10.00 കോടി രൂപ വകയിരുത്തിയിട്ടുള്ളതും 6-7-2021-ലെ G.O. (Rt) 580/2021/Agri നമ്പർ ഉത്തരവ് പ്രകാരം ടി തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. അടച്ചിടൽ കാരണം മരച്ചീനി വിറ്റഴിക്കുന്നതിന് കർഷകർക്ക് ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത കർഷകരുടെയും മരച്ചീനി അടിസ്ഥാന വിലയ്ക്ക് സംഭരിക്കുന്നതിന് ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകുകയും അതുപ്രകാരം ഹോർട്ടികോർപ്പ് വിപണിയിലിടപെടുകയും ചെയ്തു. കൂടാതെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നഗരപ്രദേശങ്ങളിൽ വഴിയോര വിപണികൾ സംഘടിപ്പിക്കുകയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ക്ഷീര സഹകരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ മരച്ചീനി വിറ്റഴിക്കുന്നതിനുള്ള നേതൃത്വം കൃഷി ഓഫീസർമാർ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. അടിസ്ഥാന വില പദ്ധതി പ്രകാരം 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ 2712 കർഷകർക്ക് 3.021 കോടി രൂപ നൽകുകയും 2187 കർഷകർക്ക് 1.54 കോടി രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ കീഴിൽ 28-7-2021 വരെ 61439 കർഷകരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ 31640 കർഷകർ വാഴക്കൃഷിക്കും 618 കർഷകർ പൈനാപ്പിൾ കൃഷിക്കും 7705 കർഷകർ മരച്ചീനി കൃഷിക്കും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കാർഷിക വിഭവങ്ങളുടെ സമാഹരണം

54 (2773) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തറവില പ്രഖ്യാപിച്ചു മാസങ്ങൾ കഴിഞ്ഞിട്ടും പച്ചക്കറി ഉൾപ്പെടെ കാർഷിക വിഭവങ്ങൾക്ക് വില നൽകി സമാഹരിക്കാൻ സർക്കാർ തയ്യാറായിട്ടില്ല എന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി വെളിപ്പെടുത്തുമോ?

26-10-2020-ലെ G.O.(Ms) 80/2020/Agri നമ്പർ ഉത്തരവുപ്രകാരം "കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾസ്" എന്ന പേരിൽ അടിസ്ഥാന വില പ്രഖ്യാപിച്ചുകൊണ്ടുള്ള പദ്ധതി നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു.